ഭാരതീയ റിസർവ്വ് ബാങ്ക്

www.rbi.org.in

ഏപ്രിൽ 20, 2017

ആർ.ബി.ഐ/2016-2017/290
ഐ.ഡി.എം.ഡി. സി.ഡി.ഡി.നം. 2759/14.04.050/2016-17

ചെയർമാൻ/ മാനേജിംഗ് ഡയറക്ടർ,
എല്ലാ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളും (ഗ്രാമീണ ബാങ്കുകൾ ഒഴികെ)/ നിർദ്ദിഷ്ഠ തപാലാഫീസുകൾ/ സ്റ്റോക്ക് ഹോൾഡിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്/ ദേശീയ സ്റ്റോക്ക് എക്സ്ചേഞ്ച്/ ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച്.

മാന്യരെ,

**സുവർണ്ണ ബോണ്ട് 2017-18- ഒന്നാം ശ്രേണി പ്രവർത്തന മാർഗ്ഗ നിർദ്ദേശകങ്ങൾ**

ബോണ്ടിനെകുറിച്ച് ഭാരത സർക്കാർ പ്രസിദ്ധീകരിച്ച വിജ്ഞാപനവും (എഫ്.നം.4(8)ഡബ്ല്യൂ&എം/2017 റിസർവ്വ് ബാങ്കിന്റെ 2017 ഏപ്രിൽ 20 ന് പുറപ്പെടുവിച്ച സർക്കുലറും (ഐ.ഡി.എം.ഡി. സി.ഡി.ഡി. നം. 2760/14.04.050/2016-17) ദയവായി പരിശോധിക്കുക. ഈ വിഷയത്തിൽ ഉയർന്നുവരാവുന്ന സംശയങ്ങൾക്കുള്ള മറുപടി www.rbi.org.in എന്ന വെബ് സൈറ്റിൽ നൽകിയിട്ടുണ്ട്. ഈ പദ്ധതി നടത്തുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. **അപേക്ഷകൾ**

2017 ഏപ്രിൽ 24 മുതൽ ഏപ്രിൽ 28 വരെ ബാങ്കു ശാഖകളുടെ പ്രവൃത്തി സമയത്ത് നിക്ഷേപകരിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുന്നതാണ്. അപേക്ഷകൾ എല്ലാ അർത്ഥത്തിലും പൂർണ്ണമാണെന്ന് ഉറപ്പുവരുത്തേണ്ടതിനാൽ ആവശ്യമെങ്കിൽ പ്രസക്തമായ കൂടുതൽ വിവരങ്ങൾ അപേക്ഷകരിൽ നിന്നും വാങ്ങേണ്ടതാണ്. മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഓൺലൈനായി അപേക്ഷിക്കാനുള്ള സംവിധാനം ബാങ്കുകൾ ഒരുക്കേണ്ടതാണ്.

2. **സംയുക്തമായ കൈവശാവകാശവും നാമനിർദ്ദേശവും**

ബോണ്ടുകൾ സംയുക്തമായി കൈവശം വയ്ക്കുവാനും അനന്തരാവകാശിയെ നാമനിർദ്ദേശം ചെയ്യുന്നതിനും അനുവദിക്കേണ്ടതാണ്. ഇതനാവശ്യമായ വിശദവിവരങ്ങൾ അപേക്ഷകരിൽനിന്നും വാങ്ങേണ്ടതാണ്.

**3.** സ്വർണ്ണം വാങ്ങുമ്പോൾ പാലിയ്ക്കേണ്ട 'ഇടപാടുകാരനെ തിരിച്ചറിയുന്ന രീതി' ബോണ്ട് വാങ്ങുന്ന നേരത്തും പാലിയ്ക്കപ്പെടേണ്ടതാണ്. തിരിച്ചറിയൽ രേഖകളായ പാസ്പോർട്ട്, പാൻകാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ്, ആധാർ കാർഡ് എന്നിവയിൽ ഏതെങ്കിലും ഓരു രേഖ ഇവിടെയും ആവശ്യമാണ്. പ്രായപൂർത്തി ആകാത്തവർക്ക് തിരിച്ചറിയൽ രേഖയായി ബാങ്ക് അക്കൗണ്ട് നം. ഉപയോഗിക്കാവുന്നതാണ്.

**4.** അപേക്ഷയോടൊപ്പം നൽകുന്ന പണത്തിനുള്ള പലിശ, പണം സ്വീകരിക്കുന്ന നാൾ മുതൽ സെറ്റിൽമെന്റ് തീയതിവരെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന് നൽകുന്ന നിരക്കിൽ അപേക്ഷകർക്ക് നൽകുന്നതാണ്. അപേക്ഷകന്റെ അക്കൗണ്ട് മറ്റു ബാങ്കുകളിലാണെങ്കിൽ ഇലക്ട്രോണിക്സ് സംവിധാനത്തിൽ കൂടി പലിശപ്പണം അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.

**5. അപേക്ഷ പിൻവലിക്കൽ**

വിതരണം അവസാനിക്കുന്ന 2017 ഏപ്രിൽ 28 നു മുമ്പ് അപേക്ഷ പിൻവലിക്കാൻ അനുവദിക്കുന്നതാണ്. എന്നാൽ ഭാഗികമായ പിൻവലിക്കൽ അനുവദിക്കുന്നതല്ല. അപേക്ഷ പിൻവലിക്കാൻ അനുവദിക്കുന്ന പക്ഷം, നിക്ഷേപകന് അപേക്ഷയോടൊപ്പം അടച്ച തുകയ്ക്ക് യാതൊരു പലിശയും നൽകുന്നതല്ല.

6. **അവകാശം രേഖപ്പെടുത്തൽ**

സർക്കാർ ബോണ്ടു നിയമം 2006 ലെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി ബോണ്ടുകളിൽ അവകാശം രേഖപ്പെടുത്താവുന്നതാണ്.

7. **അപേക്ഷകൾ** വാങ്ങുവാനായി ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ NSC/LIC ഏജന്റുമാർ എന്നിവരെ ഏർപ്പെടുത്താവുന്നതാണ്. ബാങ്കുകൾക്ക് ലഭിക്കുന്ന കമ്മീഷന്റെ 50% എങ്കിലും ഏജന്റുമാർക്ക് നൽകേണ്ടതാണ്.

8. **ഇ-കുബേർ സംവിധാനം**

ബാങ്കു ശാഖകളിലും നിർദ്ദിഷ്ട തപാലാഫീസുകളിലും റിസർവ്വ് ബാങ്കിന്റെ ഇ-കുബേർ സംവിധാനത്തിൽകൂടി ബോണ്ടുകൾ ലഭ്യമാകുന്നതാണ്. തങ്ങൾക്കു ലഭിച്ച അപേക്ഷയിലുള്ള എല്ലാ വിവരങ്ങളും കൃത്യതയോടെ ഈ സംവിധാനത്തിലേക്ക് അപ് ലോഡ് ചെയ്യേണ്ടതും അപേക്ഷ ലഭിച്ചു എന്നതിന്റെ സ്ഥിരീകരണം ഉടൻതന്നെ ഈ സംവിധാനത്തിലൂടെ ബാങ്കൾക്ക്/ തപാലാഫീസുകൾക്ക് ലഭിക്കുന്നതുമാണ്. ബോണ്ടുകൾ വിതരണം ചെയ്യുന്ന ദിവസം അതായത് 2017 മേയ് 12 ന് കൈവശാവകാശ രേഖ എല്ലാ ബാങ്കുകളും ഡൗൺലോഡ് ചെയ്യുകയും അവ അച്ചടിച്ച് സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. ഈമെയിൽ വിലാസം നൽകിയിട്ടുള്ള വരിക്കാർക്ക് കൈവശാവകാശ രേഖ ഇമെയിലായും അയക്കാവുന്നതാണ്. ബോണ്ടുകൾ വിതരണം ചെയ്ത് 2-3 ദിവസത്തിനകം അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങളുമായി ഒത്തുനോക്കി ശരിയാണെന്ന് ബോധ്യപ്പെട്ടിനുശേഷം ഉറപ്പുവരുത്തി ഡീമാറ്റ അക്കൗണ്ടിലേക്ക് ബോണ്ടുകൾ വരവുവയ്ക്കാവുന്നതാണ്.

9. **കൈവശാവകാശ രേഖ അച്ചടിച്ചു സൂക്ഷിക്കുന്ന രീതി**

രേഖകൾ എ4-100 ജി.എസ്.എം കടലാസിൽ നിറമുള്ള മഷി ഉപയോഗിച്ച് അച്ചടിക്കണം.

**10. തുടർ സേവനങ്ങൾ**

ബോണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ളവർക്ക് അവരുടെ മേൽവിലാസം പുതുക്കുക, കാലാവധിക്ക് പണം തിരികെ ലഭിക്കാനുള്ള അപേക്ഷ സമർപ്പിക്കുക എന്നീ സേവനങ്ങൾ നല്കേണ്ടതാണ്. മാത്രമല്ല, കാലാവധി പൂർത്തിയാക്കി പണം തിരികെ നൽകുന്നതുവരെ നിക്ഷേപകരിൽ നിന്ന് ലഭിച്ച അപേക്ഷകൾ സൂക്ഷിക്കേണ്ടതാണ്.

**11. ക്രയവിക്രയം**

റിസർവ്വ് ബാങ്ക് വിജ്ഞാപനം ചെയ്യുന്ന നാൾ മുതൽ ബോണ്ടുകൾ ക്രയവിക്രയം ചെയ്യാവുന്നതാണ്. (ഡീമാറ്റ് രൂപത്തിൽ സൂക്ഷിക്കുന്ന ബോണ്ടുകൾ മാത്രമേ ഓഹരി കമ്പോളത്തിൽ വില്പന നടത്താൻ കഴിയുകയുള്ളൂ).

**12.** ഇക്കാര്യത്തെക്കുറിച്ച് എന്തെങ്കിലും സംശയങ്ങൾ ദൂരീകരിക്കുവാനോ, വിശദീകരണങ്ങൾ തേടുവാനോ ഉണ്ടെങ്കിൽ താഴെകൊടുത്തിരിക്കുന്ന വിലാസത്തിൽ ബന്ധപ്പെടുക.

1) സുവർണ്ണ ബോണ്ടുമായി ബന്ധപ്പെട്ടത് - sgb@rbi.org.in
2) വരുമാന നികുതിയുമായി ബന്ധപ്പെട്ടത് - ekuberhelpdesk@rbi.org.in

വിശ്വസ്തതയോടെ

ഷൈനി സുനിൽ
ഡെപ്യൂട്ടി ജനറൽ മാനേജർ